സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം

178 (180) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര -നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ ഉച്ചക്കഞ്ഞിക്കുള്ള അരി, ചെറുപയർ എന്നിവ വിതരണം ചെയ്ത വകയിൽ സിവിൽ സ്പ്ലൈസ് കോർപ്പറേഷന് എത്ര കോടി രൂപ കിട്ടാനുണ്ട് ;

(ബി) ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ റീട്ടെയിൽ വിൽപ്പനശാലകൾ സിവിൽ സപ്ലൈസ് കോർപ്പറേഷനു കീഴിൽ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ;

(സി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് ലെവി പഞ്ചസാര കൊടുക്കേണ്ടതില്ല എന്ന് കേന്ദ്ര സർക്കാർ തീരുമാനം കോർപ്പറേഷനെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ ; ഇതുമൂലം സപ്ലൈകോയുടെ പ്രതിവർഷ വിറ്റുവരവിൽ ഉണ്ടാകുന്ന കുറവ് നികത്താൻ എന്തു നടപടി സ്വീകരിച്ചു ;

(ഡി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് അരി, ഗോതമ്പ് എന്നിവ നൽകേണ്ടതില്ല എന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചാൽ സംസ്ഥാനത്തെ ജനങ്ങൾക്കും കോർപ്പറേഷനും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെ എങ്ങനെ തരണം ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 31-12-2000 വരെയുള്ള കണക്കനുസരിച്ച് 67 കോടി രൂപ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിക്കുവാനുണ്ട്.

(ബി) ഇതു സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

(സി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് ലെവി പഞ്ചസാര കൊടുക്കേണ്ടതില്ല എന്ന കേന്ദ്രസർക്കാർ തീരുമാനം ഉണ്ടായ സാഹചര്യത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ലെവി പഞ്ചസാരയുടെ പ്രതിവർഷം വിറ്റുവരവ് 186 കോടി രൂപയിൽ നിന്നും ഉദ്ദേശം 79 കോടി രൂപയായി കുറയുന്നതാണ്. ഇങ്ങനെ വിറ്റുവരവിലുണ്ടാകുന്ന കുറവ് നികത്താനുള്ള നടപടികളെക്കുറിച്ച് തീരുമാനങ്ങൾ എടുത്തിട്ടില്ല. ഈ കാര്യത്തിൽ ഒരു പഠനം നടത്തിവരികയാണ്.

(ഡി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് അരി, ഗോതമ്പ് എന്നിവ നൽകേണ്ടതില്ല എന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചതായി ഔദ്യോഗികമായി അറിയിച്ചിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ചെറുകിട ഉൽപ്പാദകരുടെ സോപ്പുൽപ്പന്നങ്ങളുടെ വിൽപ്പനയിൽ ഏർപ്പെടുത്തിയ നിയന്ത്രണം

179 (181) ശ്രീ. ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള മാവേലി സ്റ്റോറുകളിൽ കേരളത്തിലെ ചെറുകിട ഉൽപ്പാദകരുടെ സോപ്പുൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിയന്ത്രണമേർപ്പെടുത്തിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിയന്ത്രണം ഏർപ്പെടുത്തിയതിന്റെ കാരണങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത നിയന്ത്രണമേർപ്പെടുത്തിയതുമൂലം കോർപ്പറേഷന് നഷ്ടം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ നഷ്ടം പ്രതിമാസം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) കേരളത്തിലെ ചെറുകിട വ്യവസായ സംരംഭങ്ങളെ തളർത്തുന്ന നടപടികളിൽ നിന്നും പിൻമാറുന്നതിന് കോർപ്പറേഷന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) മാവേലി സ്റ്റോറുകളിൽ സോപ്പുല്പന്നങ്ങളുടെ വിൽപ്പനയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരളാ സോപ്പ് ആന്റ് ഓയിൽസ്, ഖാദി ബോർഡ് എന്നിവയുടെ സഹകരണത്തോടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ "മാവേലി ബാർസോപ്പ്" എന്ന പേരിൽ സ്വന്തമായി സോപ്പു നിർമ്മിച്ച് കോർപ്പറേഷന്റെ വിൽപ്പനശാലകളിലൂടെ വിറ്റുവരുന്നുണ്ട്. കോർപ്പറേഷൻ ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ഇതര സോപ്പുകൾ വാങ്ങി വിൽക്കുന്നത് മൊത്തം വിൽപ്പനയുടെ 30 ശതമാനമാക്കി നിയന്ത്രിച്ചിട്ടുള്ളതാണ്. എന്നാൽ ഈ നിയന്ത്രണം സൂപ്പർ മാർക്കറ്റുകളിൽ ബാധകമാക്കിയിട്ടില്ല.

(സി) ഈ തീരുമാനം കൊണ്ടു കോർപ്പറേഷന് നഷ്ടം ഉണ്ടായിട്ടില്ല.

(ഡി) ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉല്പന്നങ്ങളും നിയന്ത്രണത്തിനു വിധേയമായി വിൽക്കുന്നതിനാൽ സ്വന്തം ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിലേയ്ക്കായി എടുത്ത ഈ തീരുമാനം അവയെ തളർത്തുന്നില്ല.

നിത്യോപയോഗ സാധനങ്ങളുടെ വില

180 (182) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996 മാർച്ച്മാസത്തിൽ നിത്യോപയോഗ സാധനങ്ങൾ ഓരോന്നിനും ഉണ്ടായിരുന്ന വിലയും 2001 ജനുവരി 31-ന് ഉള്ള അവയുടെ വിലയും വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly